# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റി

## 03.01.2013–ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 11.30–ന് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ 18.12.2012–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 2012–13 വാർഷിക പദ്ധതി രൂപീകരണത്തിന്റെ പുരോഗതി അവലോകനം

2.1.1 സംസ്ഥാനത്തൊട്ടാകെ 1209 തദ്ദേശഭരണ സ്ഥാപനങ്ങളിലായി ഇതുവരെ 187742 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി പൂർത്തീകരിച്ചു. ഇവയുടെ മൊത്തം അടങ്കൽ 8496 കോടി രൂപയാണ്. വെറ്റിംഗ് പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം 175390 ആണ്. ഇത് 7561 കോടി രൂപ അടങ്കൽ വരുന്നതാണ്. 662 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 92600 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതികൾ അംഗീകാരം നൽകിക്കഴിഞ്ഞു. അവയുടെ അടങ്കൽ 3581 കോടി രൂപയാണ്.

മൊത്തം അടങ്കലിന്റെ വിഭജനം പരിശോധിക്കുമ്പോൾ മുൻബാക്കി ഉൾപ്പെടെ പദ്ധതി വിഹിതം 3892 കോടി രൂപ, മെയിന്റനൻസ് ഗ്രാന്റ് 1278 കോടി രൂപ, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം 218 കോടി രൂപ, തനത്ഫണ്ട് 619 കോടി രൂപ, വായ്പ 426 കോടി രൂപ, ഗുണഭോക്തൃ വിഹിതം 329 കോടി രൂപ, എക്സ്റ്റേണൽ എയ്ഡ്സ് സ്കീം വിഹിതം 110 കോടി രൂപ, നബാർഡ് 32 കോടി രൂപ, എം.പി - എം.എൽ.എ ഫണ്ടുകളും നിർമ്മൽ ഗ്രാമ പുരസ്ക്കാർ അവാർഡ് വിഹിതവും മറ്റും കൂടി ഏകദേശം 50 കോടി രൂപയാണ്. എന്നാൽ ഗുണഭോക്തൃ വിഹിതം, തനത്ഫണ്ട് തുടങ്ങിയ സ്രോതസുകൾ യഥാർത്ഥ്യ ബോധത്തോടെ കണക്കാക്കുന്നവയല്ലാത്തതിനാൽ മൊത്തത്തിൽ വകയിരുത്തിയിരിക്കുന്ന 8496 കോടി രൂപയിൽ ഏകദേശം 1500 കോടി രൂപ യഥാർത്ഥത്തിൽ ലഭ്യമാകുകയില്ല എന്നു കാണുന്നു.

മേഖല തിരിച്ച് പരിശോധിക്കുമ്പോൾ വികസനഫണ്ടിന്റെ 25% ഉത്പാദന മേഖലയിലെ പ്രോജക്ടുകൾക്ക് വകയിരുത്തിയിരിക്കുന്നു(967 കോടി രൂപ) ഷോർട്ട്ഫാൾ കൂടി പരിഗണിക്കുമ്പോൾ ഇത് ഏകദേശം 30% ആണ്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി രൂപീകരണത്തിൽ പൂർണ്ണമായ സ്വാതന്ത്ര്യം നൽകുകയും, ഉത്പാദന മേഖലയിലെ വകയിരുത്തലിനെ സംബന്ധിച്ച് നിർബന്ധബുദ്ധി പ്രകടിപ്പിക്കാതിരിക്കുകയും ചെയ്തിട്ടും സ്വാഭാവികമായി തന്നെ ഉത്പാദന മേഖലയിൽ 30% തുക വകയിരുത്തി കാണുന്നത് പദ്ധതി രൂപീകരണ മാർഗരേഖയുടെ അന്തഃസത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു.

എന്നാൽ ജില്ലാ പഞ്ചായത്തുകൾ തങ്ങളുടെ ഫണ്ടുകൾ താഴെതട്ടിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന ഒരു പ്രവണത ദൃശ്യമാകുന്നത് കൂടുതൽ സൂക്ഷ്മമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

2.1.2 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി ഇന്നുരാത്രി 12 മണിക്ക് നിർത്തിവയ്ക്കാൻ തീരുമാനിച്ചു.

2.1.3 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ട് രൂപീകരണത്തിൽ പിന്തുടരുന്ന മേഖലാ, ഉപമേഖലാ- സൂക്ഷ്മ മേഖലാ കോഡുകൾ ക്രമീകരിക്കുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ കൺവീനറായും, കില ഡയറക്ടറും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ&ഡയറക്ടറും അംഗങ്ങളായും ഒരു സമിതിയെ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി അടിയന്തിരമായി ചേർന്ന് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണെന്നും തത്സംബന്ധമായ നടപടികൾ കില സ്വീകരിക്കേണ്ടതാണെന്നും തീരുമാനിച്ചു.

2.1.4 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയുടെ രണ്ടാം വർഷ പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി ആരംഭിക്കാൻ തക്ക വിധത്തിൽ നിലവിലെ സെർവറിന് കപ്പാസിറ്റി ഇല്ലാത്തതിനാലും ഫെബ്രുവരി 15 ശേഷം മാത്രമേ പുതിയ സെർവർ സ്ഥാപിക്കാൻ കഴിയുകയുള്ളൂ എന്നതിനാലും എൻ.ഐ.സി.യുടെ സൈബർ ഉപയോഗിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് അടിയന്തിര പരിഹാര നടപടികൾ സ്വീകരിക്കാൻ തദ്ദേശഭരണ വകുപ്പുസെക്രട്ടറി, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാർ &ഡയറക്ടർ, സംസ്ഥാന ആസൂത്രണബോർഡ് മെമ്പർ ശ്രീ വിജയരാഘവൻ എന്നിവർ ഉൾപ്പെടുന്ന സമിതിയെ ചുമതലപ്പെടുത്തി.

2.1.5 പദ്ധതി നിർവഹണ അവലോകനം തദ്ദേശഭരണ വകുപ്പിന്റെ ചുമതലയുള്ള ബഹു.മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ജില്ലാതലത്തിൽ നടത്തുന്നതിന് തീരുമാനിച്ചു. പദ്ധതി രൂപീകരണം മോണിറ്റർ ചെയ്യുന്നതിന് രൂപീകരിച്ച കമ്മിറ്റിയും പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യണമെന്നും തീരുമാനിച്ചു.

2.1.6 കോഓർഡിനേഷൻ കമ്മിറ്റിയുടെ മിനിറ്റ്സ് അംഗീകരിച്ചശേഷവും അതിന്റെ തീരുമാനങ്ങൾ ഉൾപ്പെടുന്ന സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കണമെന്ന് കർശനമായി നിർദ്ദേശിച്ചു. മിനിറ്റ്സ് അംഗീകരിച്ചാൽ ഒരാഴ്ചക്കുള്ളിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിരിക്കണമെന്ന് തീരുമാനിച്ചു. ഓരോ കോഓർഡിനേഷൻ കമ്മിറ്റിയിലും മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം നടപ്പിലാക്കിയത് അവലോകനം ചെയ്യാനും അതനുസരിച്ച് പുറപ്പെടുവിച്ച ഉത്തരവുകൾ കോഓർഡിനേഷൻ കമ്മിറ്റിയിൽ ലഭ്യമാക്കാനും തീരുമാനിച്ചു.

## 3. പ്രത്യേക വിഷയങ്ങൾ

### 3.1 പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് (ഫയൽ നം.71764/ഡി.എ2/12/തസ്വഭവ) തീയതി. 03.01.2013

പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് 2012-13 വാർഷിക പദ്ധതിയിൽ പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികൾക്ക് സ്റ്റഡി ടേബിളും ചെയറും നൽകുന്നതിന് മാർഗരേഖയിൽ വ്യവസ്ഥയുണ്ട്. വയോജനങ്ങളുടെ കണ്ണടവിതരണം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 വേങ്ങാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.67470/ഡി.എ2./12/തസ്വഭവ)**
**തീയതി. 03.01.2013**

വേങ്ങാട് ഗ്രാമപഞ്ചായത്ത് 2011-12 വാർഷിക പദ്ധതിയിലുൾപ്പെടുത്തി കീഴത്തൂർ എ.ഡി.എസ് കെട്ടിടം വൈദ്യുതീകരണം നടത്തിയത് അംഗീകരിക്കാനുള്ള പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ അംഗീകരിക്കാനും കെട്ടിടം പഞ്ചായത്തിനു കൈമാറിയതിന്റെ റിപ്പോർട്ട് ആവശ്യപ്പെടാനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 എറണാകുളം ജില്ലാ പഞ്ചായത്ത് (ഫയൽ നം.74247/ഇ.എ.2./12/തസ്വഭവ)**

**തീയതി. 03.01.2013**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഒരു പേഴ്സണൽ അസിസ്റ്റന്റിനെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കണമെന്ന ആവശ്യത്തിൻമേൽ വകുപ്പുതല നടപടി എടുക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും എഞ്ചിനീയർമാരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് സംബന്ധിച്ച്**
**(ഫയൽ നം.67649/ഇ.ഡബ്ല്യൂ3./12/തസ്വഭവ) തീയതി. 03.01.2013**

13.12.2012-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 2.1.3 തീരുമാനമനുസരിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 കോന്നി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.74681/ഡി.ഡി.2./12/തസ്വഭവ)**

**തീയതി. 03.01.2013**

റോഡ് പ്രവൃത്തികൾ സംബന്ധിച്ച് 13.12.2012-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ 3.20 തീരുമാനം കോന്നി ബ്ലോക്ക് പഞ്ചായത്തിനും ബാധകമാണെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ചക്കുപള്ളം ഗ്രാമപഞ്ചായത്ത് (ഫയൽ നം.77058/ഡി.ഡി.2./12/തസ്വഭവ)**
**തീയതി. 03.01.2013**

ചക്കുപള്ളം ഗ്രാമപഞ്ചായത്ത് ഉന്നയിച്ച എം.ജി.എൻ.ആർ.ഇ.ജി.എ. ഫണ്ട് സംബന്ധിച്ച വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിധിയിൽപ്പെടുന്നതല്ലാത്തതിനാൽ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന കൗൺസിലിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 താനൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.56973/ഡി.ഡി.2./12/തസ്വഭവ)**
**തീയതി. 03.01.2013**

പ്രോജക്ടിൽ ഭേദഗതി വരുത്തി ഫണ്ട്മാറി ചെലവാക്കിയതു സംബന്ധിച്ച് സെക്രട്ടറിയിൽ നിന്ന് വിശദീകരണം ലഭ്യമാക്കിയശേഷം അടുത്ത യോഗത്തിൽ ഈ വിഷയം പരിഗണിക്കാമെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 നെൽക്കൃഷി പുനരുദ്ധാരണത്തിനുള്ള ലേബർ ബാങ്ക് (ഫയൽ നം.9920/ഡി.ഡി.3/12/തസ്വഭവ) തീയതി. 03.01.2013**

മഹിളാ കിസാൻ സശാക്തീകരണ പരിയോജന പദ്ധതിപ്രകാരമുള്ള പ്രവർത്തനത്തിന് ചുമതലകളും അധികാരങ്ങളും നിർണ്ണയിക്കാനും ഫണ്ട് വിനിയോഗം നിശ്ചയിക്കാനും വകുപ്പുതലത്തിൽ നടപടി എടുക്കേണ്ടതാണ്. പരിശീലന ഏജൻസിയായി ഗ്രീൻ ആർമി ലേബർ ബാങ്കിനെ നിശ്ചയിക്കാൻ തീരുമാനിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഉപയോഗയോഗ്യമായ കാർഷികയന്ത്രങ്ങൾ കൺസോർഷ്യം ഓഫ് മലപ്പുറം, പാലക്കാട്,തൃശൂർ ജില്ലാ പഞ്ചായത്ത് (CoMPT) ന് കൈമാറേണ്ടതും, കൈമാറുന്നവയുടെ വില തദ്ദേശഭരണ സ്ഥാപനത്തിന്റെ സംഭാവനയായി കണക്കാക്കേണ്ടതുമാണ്. പ്രാഥമിക റിപ്പയർ അതാതു തദ്ദേശഭരണ സ്ഥാപനങ്ങൾ നിർവഹിക്കേണ്ടതാണ്. കൈമാറികഴിഞ്ഞ ശേഷമുള്ള ആവർത്തന ചെലവുകൾ CoMPT വഹിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.75796/ഡി.ഡി.2/12/തസ്വഭവ) തീയതി. 03.01.2013**

ബ്ലോക്കുപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന റോഡുപണികൾ സംബന്ധിച്ച വിഷയം ഗ്രാമ വികസന കമ്മീഷണർ പരിശോധിച്ച് തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു..

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് (ഫയൽനം.74838/ഡി.ഡി.2/12/തസ്വഭവ) തീയതി. 03.01.2013**

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യത്തിൻമേൽ ഭരണ വകുപ്പിന് തീരുമാനമെടുക്കാവുന്നതാണെന്ന് കമ്മിറ്റി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കോന്നി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.75799/ഡി.ഡി.2/12/തസ്വഭവ) തീയതി. 03.01.2013**

ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന റോഡുപണികൾ സംബന്ധിച്ച് ഭരണവകുപ്പ്തല തീരുമാനം എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 തുവ്വൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.69849/ഡി.ഡി.2/12/തസ്വഭവ) തീയതി. 03.01.2013**

തൂവ്വൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ എസ്.ജി.ആർ.വൈ. പദ്ധതിയിലെ പ്രവർത്തികളുടെ പേയ്മെന്റ് നൽകാനുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിനുള്ള ഗ്രാമവികസന കമ്മീഷണറുടെ ശുപാർശ അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം.77348/ഡി.ബി.2/12/തസ്വഭവ)**
**തീയതി. 03.01.2013**

ജില്ലാ പഞ്ചായത്തുകൾ പട്ടികജാതി പട്ടികവർഗ മേഖലയിൽ 5 ലക്ഷം രൂപയിൽ കുറയാതെയും ജനറൽ മേഖലയിൽ 15 ലക്ഷം രൂപയിൽ കുറയാതെയുമുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത് എന്ന മാർഗരേഖയിലെ നിർദ്ദേശത്തിന് ഇളവ് അനുവദിക്കണമെന്ന അവശ്യം ഈ വർഷം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. എന്നാൽ മുൻ വർഷങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരുന്ന പ്രോജക്ടുകളുടെ പൂർത്തീകരണത്തെ സംബന്ധിച്ചിടത്തോളം റോഡിതര പ്രോജക്ടുകൾക്കെന്നപോലെ റോഡ് പ്രോജക്ടുകൾക്കും ഈ പരിധി ബാധകമാക്കേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 താനാളൂർ പഞ്ചായത്ത് (ഫയൽ നം.76703/ഡി.എ.2/12/തസ്വഭവ)**
**തീയതി. 03.01.2013**
**(ബഹു: താനൂർ എം.എൽ.എ. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി മുഖേന സമർപ്പിച്ചത്)**

താനാളൂർ ഗ്രാമ പഞ്ചായത്തുകൾ നിലവിലെ (on going) പ്രോജക്ടായ 'ആട് ഗ്രാമം' എന്ന പദ്ധതിക്ക് പ്രത്യേക അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം.76714/ഡി.എ.2/12/തസ്വഭവ)**
**തീയതി. 03.01.2013**

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ എന്ന 2011-12-ലെ പ്രോജക്ട് സ്പിൽഓവറായി 2012-13-ൽ തുടരുമ്പോൾ 2012-13 -ലെ സബ്സിഡി മാനദണ്ഡങ്ങൾ പിന്തുടരാൻ അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ചെങ്ങള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം തീയതി. 03.01.2013**
**(ബഹു. കാസർഗോഡ് എം.എൽ.എ ശ്രീ.എൻ.എ. നെല്ലിക്കുന്ന് മുഖേന സർപ്പിച്ചത്)**

ചെങ്ങള ഗാമപഞ്ചായത്തിന്റെ പഴയ ഓഫീസ് വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം പുതിയ ജീപ്പ് വാങ്ങുന്നതിന് അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് തീയതി. 03.01.2013**

ഓഫീസ് സമയത്തിനുശേഷമോ അവധി ദിവസങ്ങളിലോ നടത്തുന്ന യാത്രകളെ സംബന്ധിച്ചിടത്തോളം ഡ്രൈവർമാർക്ക് ഓവർടൈം അലവൻസ്, ഹോളിഡേ അലവൻസ് എന്നിവ നൽകി പ്രശ്നം പരിഹരിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.18 പാലക്കാട് ജില്ലാ പഞ്ചായത്ത് തീയതി. 03.01.2013

2012-ലെ സംസ്ഥാന സ്ക്കൂൾ കായികമേളയിൽ പാലക്കാട് ജില്ല ഒന്നാം സ്ഥാനത്തെത്തിയ സാഹചര്യത്തിൽ തനത്ഫണ്ട് ഉപയോഗിച്ച് വിജയിയായ കായിക പ്രതിഭകൾക്ക് 13.12.2012-ലെ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം സമ്മാനം നൽകുന്നതിനുള്ള പ്രോജക്ട് രൂപീകരിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.19 പാവറട്ടി ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടറുടെ കത്ത്) തീയതി. 03.01.2013

പാവറട്ടി ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റി എടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതിന് നിയമപരമായി ബാദ്ധ്യതയുണ്ടായിട്ടും മനഃപൂർവമായി അലംഭാവം കാട്ടിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ഇന്നു തന്നെ സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി കൈക്കൊള്ളാനും പകരം സെക്രട്ടറിയെ അടിയന്തിരമായി നിയമിക്കാനും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.20 കുന്നംകുളം നഗരസഭ തീയതി. 03.01.2013

കുന്നംകുളം നഗരസഭ ഗുണഭോക്തൃ സമിതികൾ വഴി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്ക് കുടിശ്ശികയുള്ള വൈദ്യുതിചാർജ് ഒടുക്കുന്നതിലേയ്ക്കായി ഗുണഭോക്തൃ സമിതികൾ പിരിച്ചെടുക്കുന്ന തുകയിൽ ഉണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് 31.03.2013 വരെ തനത്ഫണ്ടിൽ നിന്ന് ആവശ്യമായ തുക നൽകുന്നതിന് കുന്നംകുളം നഗരസഭയ്ക്ക് യഥേഷ്ടാനുമതി നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം ഉച്ചക്ക് 1.30-ന് അവസാനിച്ചു)**